പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3641 | 10.04.2013 ൽ മറുപടിയ്ക്ക് |

സ്കൂൾ കൗൺസിലേഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ഏതെല്ലാം ജില്ലകളിലാണ് സ്കൂൾ കൗൺസിലേഴ്സിനെ നിയമിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിനു കീഴിൽ 14 ജില്ലകളിലുമായി തെരഞ്ഞെടുത്ത 500 സ്കൂളുകളിലാണ് ഇപ്പോൾ സ്കൂൾ കൗൺസിലേഴ്സിനെ നിയമിച്ചിരിക്കുന്നത്. |
| (ബി) ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് ഇത്തരത്തിൽ സ്കൂൾ കൗൺസിലേഴ്സ് ആയി നിയമിച്ചിരിക്കുന്ന തെന്ന് വ്യക്തമാക്കുമോ; | (ബി) എം.എ. സൈക്കോളജി അഥവാ എം.എസ്.ഡബ്ല്യു യോഗ്യതയുള്ള വനിതകളെയാണ് കൗൺസിലർമാരായി നിയമിച്ചിരിക്കുന്നത്. |
| (സി) ഇപ്രകാരം സ്കൂൾ കൗൺസിലേഴ്സിനെ നിയമിച്ചതുകൊണ്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) എല്ലാ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനാവശ്യമായ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇവരുടെ സേവനം ഘട്ടം ഘട്ടമായി എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ